I/619496/2024

"ഭരണഭാഷ - മാതൃഭാഷ"

നം:എസ് പി/1416/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 03-02-2024

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഇ-മാലിന്യങ്ങൾ സമയബന്ധിതമായി നിർമ്മാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച്.

**സൂചന :-** 1. No.DI-5/101850/2019 15/01/2020 കേരള ഹൈക്കോടതി ഉത്തരവ്

2. സർക്കാർ ഉത്തരവ്(സാ.ധാ.)നം. 1963/2017പൊ.വി.വ. തീയതി: 20/06/2017.

3. സർക്കാർ ഉത്തരവ് (സാ.ധാ.) നം.27/2018/പൊ.വി.വ. തീയതി:28/10/2018.

*****

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഉപയോഗശൂന്യമായിട്ടുള്ള കമ്പ്യൂട്ടറുകൾ,പ്രിന്ററുകൾ ഫർണിച്ചറുകൾ എന്നിവ നിർമ്മാർജ്ജനം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പെറ്റീഷനിന്മേൽ നടപടി സ്വീകരിക്കണമെന്ന പരാമർശം (1) ലെ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിക്കുന്ന രീതിയിൽ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ഇ-വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇ-വേസ്റ്റ് നിർമ്മാർജനം ചെയ്യുന്നതിന് മാനദണ്ഡങ്ങളിൽ വ്യക്തത വരുത്തി ഉത്തരവായിട്ടുണ്ട്. എന്നിരുന്നാലും ഇത്തരത്തിലുള്ള മാലിന്യങ്ങൾ കണ്ടെത്തി സമയബന്ധിതമായി സ്കൂൾ തലത്തിൽ തന്നെ ഒഴിവാക്കുന്നതിനു കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

### I. എൽ.പി./യു.പി. സ്കൂൾ

1. പ്രഥമാധ്യാപകൻ - കൺവീനർ

2.വാർഡ് മെമ്പർ - ചെയർമാൻ

3.സീനിയർ അസിസ്റ്റൻറ് - മെമ്പർ

4.പി.ടി.എ. പ്രസിഡൻറ് - മെമ്പർ

5.എസ്.എം.സി./എം.പി.ടി.എ. പ്രസിഡൻറ് - മെമ്പർ

6.തൊട്ടടുത്തുള്ള എച്ച്.എസ്.ലെ ഐ.ടി..അദ്ധ്യാപകൻ(എസ്.ഐ.ടി.സി) മെമ്പർ

**II. എച്ച്.എസ്./എച്ച്.എസ്.എസ്.**

1. പ്രിൻസിപ്പൽ/പ്രഥമാധ്യാപകൻ - കൺവീനർ

2 വാർഡ് മെമ്പർ - ചെയർമാൻ

3.സീനിയർ അസിസ്റ്റൻറ് , ഡി.എച്ച്.എം,വൈസ് പ്രിൻസിപ്പൽ- മെമ്പർ

4.പി.ടി.എ. പ്രസിഡൻറ് - മെമ്പർ

5.എസ്.എം.സി./എം.പി.ടി.എ. പ്രസിഡൻറ് - മെമ്പർ

6.എസ്.ഐ.ടി.സി. അദ്ധ്യാപകർ (2) - മെമ്പർ

7.ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ സയൻസ്,അദ്ധ്യാപകർ(ഉള്ളവർ) മെമ്പർ

മേൽ കമ്മിറ്റികൾ സർക്കാർ ഉത്തരവുകളുടെ അന്ത:സത്ത ഉൾക്കൊണ്ട് കൊണ്ട് പ്രവർത്തിക്കേണ്ടതും ഉത്തരവുകളിലെ പൊതു മാനദണ്ഡം കണക്കിലെടുത്ത് ഇ-വേസ്റ്റ് സമയബന്ധിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താവ്:**

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ
2. എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർ
3. എല്ലാ ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർമാർ
4. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർ മാർക്കും ( ജില്ല/ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർ മുഖേന)

**പകർപ്പ്:**

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഡിജിഇ